കോളേജുകളിൽ ട്രോമാ കെയർ സെന്റർ നവീകരിക്കുന്നതിനായി യഥാക്രമം 142 ലക്ഷം രൂപയും 144.86 ലക്ഷം രൂപയും കേന്ദ്ര സഹായമായി അനുവദിച്ചിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ട്രോമാ കെയർ നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 40 ലക്ഷം രൂപയും ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. മറ്റ് ആശുപത്രികളിൽ ട്രോമാ കെയർ ആരംഭിക്കുന്നതിനായി 2005-06-ലെ ബഡ്ജറ്റിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ഇന്റൻസീവ് കെയർ യൂണിറ്റുകൾ എല്ലാ ആശുപത്രികളിലും സ്ഥാപിക്കുന്നതിന് വലിയ സാമ്പത്തിക ബാദ്ധ്യതയുള്ളതിനാൽ ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് ഘട്ടംഘട്ടമായി മാത്രമേ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ.

സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിന് നടപടി

143 [447] *ശ്രീ. പി. എസ്. സുപാൽ:*
,, *കെ. പി. രാജേന്ദ്രൻ:*
,, *പി. നാരായണൻ:*
,, *മാങ്കോട് രാധാകൃഷ്ണൻ:*
,, *എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള സ്വകാര്യ ആശുപത്രികളെ നിയന്ത്രിക്കുന്നതിനും അവയുടെ പ്രവർത്തനങ്ങളിൽ ഏതെങ്കിലും തരത്തിൽ ഇടപെടുന്നതിനും സർക്കാരിന് അധികാരം ഉണ്ടോ;

(ബി) സംസ്ഥാനത്ത് സ്വകാര്യ ആശുപത്രികൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഈ ആശുപത്രികളുടെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിന് ഏതെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്വകാര്യ ആശുപത്രികളിലും, ഹൈടെക് ആശുപത്രികളിലും ഉയർന്ന ഫീസും, വിദഗ്ദ്ധ പരിശോധനയ്ക്ക് വലിയ തോതിൽ ചാർജ് ഈടാക്കുന്നതുമായ പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഡി) സ്വകാര്യ ആശുപത്രികളിൽ ഡോക്ടർമാർ, നഴ്സുമാർ, പാരാ മെഡിക്കൽ സ്റ്റാഫ്, ടെക്നീഷ്യൻസ് തുടങ്ങിയവരുടെ യോഗ്യതകൾ നിശ്ചയിച്ചിട്ടുണ്ടോ; യോഗ്യതയില്ലാത്തവരെ കണ്ടെത്തുന്നതിന് പരിശോധന നടത്താൻ ഇന്ന് എന്തെങ്കിലും സംവിധാനമുണ്ടോ;

(ഇ) സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നിലവിൽ അധികാരം ഇല്ല.

(ബി) & (സി) സർക്കാർ ഉത്തരവ് 2394/2004/ആകുവ തീയതി 21-8-2004 പ്രകാരം സ്വകാര്യ ആശുപത്രികളെയും അവയുടെ പ്രവർത്തനങ്ങളെയും മറ്റും നിയന്ത്രിക്കുന്നതിന് ഒരു കരട് ബിൽ തയ്യാറാക്കുന്നതിനായി ഒരു 'എക്സ്പർട്ട്' കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. അതനുസരിച്ച് കമ്മിറ്റി കരട് ബിൽ തയ്യാറാക്കി സർക്കാരിന് സമർപ്പിക്കുകയും പ്രസ്തുത ബിൽ സർക്കാർ പരിശോധിച്ചുവരികയുമാണ്. ഇതുപ്രകാരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികളെ അവയിൽ ലഭ്യമായ അടിസ്ഥാനസൗകര്യങ്ങൾ സ്പെഷ്യലിസ്റ്റ് സേവനങ്ങൾ അനുബന്ധസൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ പ്രാഥമികതലം, ദ്വിതീയതലം, തൃതീയതലം, സൂപ്പർ സ്പെഷ്യാലിറ്റി/ഗവേഷണ സ്ഥാപനങ്ങൾ എന്നിങ്ങനെ ഇനം തിരിച്ച് അവയുടെ സ്റ്റാറ്റസ് തീരുമാനിക്കുവാനും അതിന്റെയടിസ്ഥാനത്തിൽ ഫീസ് നിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിക്കുന്നുണ്ട്.

(ഡി) ആരോഗ്യ വകുപ്പിൽ നിലവിൽ ഇല്ല.

(ഇ) സ്വകാര്യ ആശുപത്രികളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിലേക്കായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന നിയമത്തിൽ സ്വകാര്യ ആശുപത്രികൾ രജിസ്റ്റർ ചെയ്യുന്നതിന് വ്യവസ്ഥയുണ്ട്.

സംസ്ഥാനത്തെ ക്രൈം റേറ്റ് കുറയ്ക്കാൻ പദ്ധതി

144 [448] . *ശ്രീ. ബിനോയ് വിശ്വം:*

,, *എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിപ്പോർട്ട് ചെയ്യപ്പെടുന്ന ഐ. പി. സി. അനുസരിച്ചുള്ള കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിന്റെ സ്ഥാനം 2004-2005-ൽ എത്രയാണെന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ ക്രൈം റേറ്റ് ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ക്രൈംറേറ്റ് കുറയ്ക്കുവാൻ എന്തെങ്കിലും പദ്ധതികളുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉത്തരം

(എ) നാഷണൽ ക്രൈം റെക്കോർഡ് ബ്യൂറോയുടെ ക്രൈം ഇൻഡ്യ എന്ന പ്രസിദ്ധീകരണത്തിൽനിന്നുമാണ് കേരളത്തിന്റെ സ്ഥാനം നിശ്ചയിക്കേണ്ടത്. 2004-ലെ എൻ.സി.ആർ.ബി. പ്രസിദ്ധീകരണം പുറത്തിറങ്ങിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly